## പതിനാലാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 2937

10.05.2017-ൽ മറുപടിക്ക്

## ബേക്കൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സ്

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 341/16/ u/s.171F, r/w 116 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സ് ഏത് സംഭവത്തിന്റെ അടിസ്ഥാനത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) 2016 മേയ് മാസം 16-ന് നടന്ന കേരള നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികളുടെ പ്രചാരണ സമയം യു.ഡി.എഫ്. സ്ഥാനാർത്ഥി പരസ്യമായി കള്ളവോട്ട് ചെയ്യാൻ ആഹ്വാനം നടത്തി എന്ന ആരോപണവും ഇതുമായി ബന്ധപ്പെട്ട് ഒരു വീഡിയോ ക്ലിപ്പ് പ്രചരിച്ചിട്ടുണ്ട് എന്നും വിവിധ മാധ്യമങ്ങളിൽ വാർത്ത പ്രചരിച്ചിരുന്നു. അതിന് ശേഷം ഉദുമ എം.എൽ.എ. മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് നൽകിയ പരാതിയുടെ പകർപ്പ് ജില്ലാ പോലീസ് മേധാവിക്ക് (ഒരു വീഡിയോ ക്ലിപ്പ് സഹിതം) ലഭിച്ചു. അത് തുടർ നടപടികൾക്കായി ബേക്കൽ പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ചുകൊടുത്തു. പരാതിയുടെ ഉള്ളടക്കം പരിശോധിച്ചതിൽ ഇന്ത്യൻ ശിക്ഷാ നിയമം 171F, 116 വകുപ്പ് പ്രകാരമുള്ള കുറ്റം പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടിരുന്നു. പ്രസ്തുത വകുപ്പ് പ്രകാരമുള്ള കുറ്റങ്ങൾ പോലീസിന് നേരിട്ടെടുക്കാൻ പാടില്ലാത്തതായതിനാൽ (non cognizable) പരാതിയിൽ നടപടി സ്വീകരിക്കുന്നതിനുള്ള അനുവാദത്തിനായി അധികാരപരിധിയിലുള്ള ഹോസ്ദുർഗ്ഗ് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്-II കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ച് കോടതിയുടെ നിർദ്ദേശ പ്രകാരം മേൽ കാര്യത്തിന് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നം. 341/16 u/s 171(F) r/w 116 IPC ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇതിൽ ആരൊക്കെയാണ് പ്രതികളായിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഉദുമ നിയോജക മണ്ഡലം യു.ഡി.എഫ്. സ്ഥാനാർത്ഥിയായിരുന്ന കെ.സുധാകരനെ എഫ്.ഐ.ആർ.-ൽ പ്രതി ചേർത്തിട്ടുണ്ട്. ഈ കേസിന്മേൽ അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിശദാംശങ്ങൾ വെളിവാകുകയുള്ളൂ. |
| (സി) ഈ കേസിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) അന്വേഷണത്തിന്റെ ഭാഗമായി ആരെയൊക്കെ ചോദ്യം ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) ടി കേസ്സ്. അന്വേഷണാവസ്ഥയിലാണ്. അതിനാൽ കേസ്സ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |

സെക്ഷൻ ഓഫീസർ